# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **11-09-2023 - ൽ മറുപടിയ്ക്ക്**

### വിനോദസഞ്ചാര മേഖലയിലെ വളർച്ച

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലേക്ക് ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 2023-ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 2023 ലെ ആദ്യ രണ്ടു പാദത്തിലും റെക്കോർഡാണ് ഉണ്ടായത്. 2023 ൽ ആദ്യ ആറ് (6) മാസത്തിൽ 1,06,83,643 എണ്ണം ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2022 ഇതേ കാലയളവിൽ 88,95,593 ആഭ്യന്തര സഞ്ചാരികളാണ് കേരളം സന്ദർശിച്ചിട്ടുണ്ടായിരുന്നത്. 2022 അർദ്ധ വർഷത്തെ അപേക്ഷിച്ച് 2023 അർദ്ധ വർഷത്തിൽ 20.1% ആഭ്യന്തര സഞ്ചാരികൾ കൂടുതലായി കേരളം സന്ദർശിച്ചിട്ടുണ്ട്. കോവിഡിനു മുമ്പ് അർദ്ധ വാർഷികത്തിൽ പരമാവധി എത്തിയ വിനോദസഞ്ചാരികളുടെ എണ്ണം 89.64 ലക്ഷമാണ്. കോവിഡിനു മുമ്പുള്ള കാലത്തെ അപേക്ഷിച്ച് വൻ കുതിച്ചു ചാട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് കാലത്തെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ബി) | 2023 ആദ്യ ആറുമാസത്തിൽ 2,87,730 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2022 ആദ്യ ആറുമാസം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തേക്കാൾ 171.55% വർദ്ധനവ് 2023 ആദ്യ ആറു മാസ കാലയളവിൽ ഉണ്ടായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | 2022 കലണ്ടർ വർഷം 35168.42 കോടി രൂപ വരുമാനം വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | കോവിഡ് കാലത്തെ അപേക്ഷിച്ച് വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കഴിഞ്ഞ മൂന്ന് കലണ്ടർ വർഷത്തെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു. |

| വർഷം | വരുമാനം (കോടിയിൽ) |
|---|---|
| 2020 | 11335.96 |
| 2021 | 12285.91 |
| 2022 | 35168.42 |

സെക്ഷൻ ഓഫീസർ